നമ്പർ.എസ് എസ് ജി **2/35/2018-** റ്റിസി

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്,
തിരുവനന്തപുരം-14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.keralamvd.com [ഇ-മെയിൽ - tcoffice@keralamvd.gov.in ]

**തീയതി: 03/08/2022**

പ്രേഷിതൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.

സർ,

വിഷയം : **മോട്ടോർ വാഹന വകുപ്പ്** – ലേണേഴ്സ് ലൈസൻസ് ടെസ്റ്റുകൾ ഓഫീസുകൾ വഴി നടത്തുന്നത് പുനഃസ്ഥാപിച്ച് ഉത്തരവാകുന്നത് – സംബന്ധിച്ച്.
–
സൂചന :- 01/08/2022 –ൽ ബഹു. ഗതാഗത വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനം.

മോട്ടോർ വാഹന വകുപ്പിന്റെ വിവിധ ഓഫീസുകളിൽ വച്ച് നടത്തി വന്നിരുന്നതായ ലേണേഴ്സ് ടെസ്റ്റുകൾ കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ ലൈസൻസിനായുള്ള അപേക്ഷാർത്ഥികൾ ഓഫീസിൽ ഹാജരാകാതെ തന്നെ ഓൺലൈനായി ലേണേഴ്സ് എടുക്കുന്നതിനുള്ള ക്രമീകരണം സാരഥി സോഫ്റ്റ് വെയർ വഴി അനുവദിച്ചിരുന്നു. എന്നാൽ ഈ ക്രമീകരണം ചില ഇടനിലക്കാർ ദുരുപയോഗം ചെയ്യുന്നതായി ധാരാളം പരാതികൾ വകുപ്പിന് ലഭിച്ചുകൊണ്ടിരിക്കുകയാണ്. കോവിഡ് മഹാമാരിയിൽ നിന്ന് സംസ്ഥാനം മുക്തമായികൊണ്ടിരിക്കുന്നതിനാലും ജനജീവിതം സാധാരണ നിലയിലേയ്ക്ക് ആയികൊണ്ടിരിക്കുന്നതിനാലും നിലവിൽ ഓൺലൈനായി നടന്നുവരുന്ന ലേണേഴ്സ് ടെസ്റ്റുകൾ ഓഫീസുകളിൽ അപേക്ഷകർ നേരിട്ട് ഹാജരായി നടത്തുന്നതിനായി സൂചന പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്. ആയതിനാൽ 22.08.2022 മുതൽ ലേണേഴ്സ് ടെസ്റ്റുകൾക്കായി അപേക്ഷകർ ഓഫീസിൽ നേരിട്ട് ഹാജരാകണമെന്ന് നിർദ്ദേശം നൽകുന്നു. ഇതിനാവശ്യമായ ഭേദഗതികൾ സാരഥി സോഫ്റ്റ് വെയറിൽ ചെയ്യുന്നതിന് NIC യ്ക്ക് ആവശ്യമായ നിർദ്ദേശം നൽകുന്നതിനുള്ള നടപടികൾ ശ്രീ.നജീബ്, നോഡൽ ഓഫീസർ, എസ്.എസ്.ജി.

സെൽ, ശ്രീ. വിനീഷ്, മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ(ആർ.ടി.ഒ., എൻ.എസ്.) എന്നിവർ സ്വീകരിക്കേണ്ടതാണ്. എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ / ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും അവരവരുടെ ഓഫീസുകളിൽ അപേക്ഷകർക്ക് ആവശ്യമായ computer systems ലഭ്യമാണെന്ന് ഉറപ്പ് വരുത്തേണ്ടതും മേൽ വിവരങ്ങൾ പത്ര ദൃശ്യമാധ്യമങ്ങൾ വഴി പൊതുജനങ്ങളെ അറിയിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

Digitally signed by K MANOJKUMAR
Date:Wed Aug 03 17:01:07 IST 2022
Reason: Approved

K MANOJKUMAR,
Delegated - JTC TC, O/O JOINT TRANSPORT COMMISSIONER TC
ട്രാൻസ്പോർട്ട് കമ്മീഷണർക്കു വേണ്ടി

പകർപ്പ്:-

1) ശ്രീ. നജീബ്, നോഡൽ ഓഫീസർ, എസ്.എസ്.ജി. സെൽ.

2) ശ്രീ. വിനീഷ്, മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ(ആർ.ടി.ഒ, എൻ.എസ്.)

(ആർ.ടി.ഒ., എൻ.എസ്. മുഖേന)

ഐ.എൽ.